# പതിമൂന്നാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1335 — 03.12.2015 ൽ മറുപടിയ്ക്ക്

**മാവേലി സ്റ്റോറുകളിലും സൂപ്പർ മാർക്കറ്റുകളിലും നിത്യോപയോഗ സാധനങ്ങളുടെ വിലനിലവാരം**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീമതി.ജമീലാ പ്രകാശം<br>ശ്രീ. സി.കെ.നാണു<br>ശ്രീ. മാത്യു റ്റി.തോമസ്<br>ശ്രീ. ജോസ് തെറ്റയിൽ | ശ്രീ. അനൂപ് ജേക്കബ്<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| (എ) മാവേലി സ്റ്റോറുകളും സൂപ്പർ മാർക്കറ്റുകളും മുഖാന്തിരം വിൽക്കുന്ന നിത്യോപയോഗ സാധനങ്ങളുടെ വിലനിലവാരം സംബന്ധിച്ച് എന്തെങ്കിലും ചട്ടങ്ങളോ മാനദണ്ഡങ്ങളോ നിലവിലുണ്ടോ; വിശദാംശങ്ങൾ വ്യക്തമാക്കാമോ; | (എ) സപ്ലൈകോ വിൽപ്പനശാലകൾ വഴി വിതരണം ചെയ്യുന്ന 13 ഇനം അവശ്യ സാധനങ്ങളുടെ സബ്സിഡി വിൽപ്പന വില പൊതുവിപണി വിലയേക്കാൾ 20% കുറച്ചിട്ടാണ് നിശ്ചയിക്കേണ്ടത് എന്ന് ഉത്തരവായിട്ടുണ്ട്. പക്ഷേ ഇത് നടപ്പിൽ വരുത്തിയിട്ടില്ല. നിലവിൽ 13 ഇനം അവശ്യ സാധനങ്ങൾക്ക് ശരാശരി 35% പൊതുവിപണി വിലയേക്കാൾ കുറച്ചാണ് വിൽപ്പന നടത്തുന്നത്. |
| (ബി) നിത്യോപയോഗ സാധനങ്ങളായി കണക്കാക്കിയിട്ടുള്ള 13 ഇനങ്ങൾക്ക് 2009-ൽ ഈടാക്കിയിരുന്ന വിലയെ സംബന്ധിച്ച വിശദാംശങ്ങൾ വ്യക്തമാക്കാമോ;<br>(സി) ഇവയ്ക്ക് 2011 മാർച്ചിൽ ഈടാക്കിയിരുന്ന വിലയുടെ വിശദാംശങ്ങൾ വ്യക്തമാക്കാമോ;<br>(ഡി) ഇവയ്ക്ക് ഇപ്പോൾ ഈടാക്കുന്ന വിലയുടെ വിശദാംശങ്ങൾ വ്യക്തമാക്കാമോ; | (ബി) യും (സി) യും (ഡി) യും സപ്ലൈകോ വിൽപ്പനശാലകളിൽ പൊതുവെ വിൽപ്പന കുറവുള്ളതും ജനങ്ങൾ കൂടുതലായി ആവശ്യപ്പെടാത്തതുമായ കടുക്, ജീരകം, ഉലുവ, ഉഴുന്ന് പിളർന്നത്, പീസ് പരിപ്പ്, ബോധന അരി എന്നിവയെ സബ്സിഡി നൽകുന്ന ഇനങ്ങളിൽ നിന്നും ഒഴിവാക്കി ചെറുപയർ, വൻകടല, ജയ അരി, കുറുവ അരി,വെളിച്ചെണ്ണ എന്നിവയെ ഉൾപ്പെടുത്തി 06.07.2012 ൽ പുനർ നിർണ്ണയിച്ചിരുന്നു. വില സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധം1 -ൽ ചേർക്കുന്നു. |
| (ഇ) 2011 മാർച്ചിനും 2015 നവംബറിനും ഇടയ്ക്ക് എത്ര തവണ ഇവയുടെ വില വർദ്ധിപ്പിച്ചിട്ടുണ്ട്; | (ഇ) 2011 മാർച്ചിനും 2015 നവംബറിനും ഇടയ്ക്ക് മൂന്നു തവണ വില വർദ്ധിപ്പിച്ചിട്ടുണ്ട്. 2014 നവംബർ മാസത്തിനുശേഷം 9 ഇനം അവശ്യ സാധനങ്ങളുടെ സബ്സിഡി വിലയിൽ കുറവ് വരുത്തിയിട്ടുണ്ട്. ഈ കുറഞ്ഞ വിലയാണ് ഇപ്പോഴും തുടരുന്നത്. |
| (എഫ്) ഈ വില വർദ്ധന സംബന്ധിച്ച വിശദാംശങ്ങളും അവയ്ക്ക് സ്വീകരിച്ച മാനദണ്ഡങ്ങളും വ്യക്തമാക്കാമോ? | (എഫ്) വില വർദ്ധന സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധം (2) ആയി ചേർക്കുന്നു.<br>കേരളം ഒരു ഉപഭോക്തൃ സംസ്ഥാനമാണ്. അന്യ സംസ്ഥാനങ്ങളിലുണ്ടാകുന്ന അവശ്യ സാധനങ്ങളുടെ ദൗർലഭ്യം, വിളനാശം, കാലാവസ്ഥാ വ്യതിയാനം, കടത്തുകൂലി വർദ്ധനവ് മുതലായ കാരണങ്ങളാൽ |

കേരളത്തിൽ നിത്യോപയോഗ സാധനങ്ങൾക്ക് വില വർദ്ധനവ് ഉണ്ടായിട്ടുണ്ട്. സപ്ലൈകോയുടെ വാങ്ങൽ വില, കടത്തുകൂലി, കയറ്റിറക്കുകൂലി, അഡ്മിനിസ്ട്രേറ്റീവ് ചെലവുകൾ എന്നിവ മാസംതോറും കൂടിക്കൊണ്ടിരിക്കുകയും വില്പന വില കൂട്ടാതിരിക്കുകയും ചെയ്യുന്നതുമൂലം നിത്യോപയോഗ സാധനങ്ങൾ സബ്സിഡി നിരക്കിൽ വിതരണം ചെയ്യുന്നതു മൂലമുള്ള നഷ്ടം വളരെയധികം വർദ്ധിക്കുകയും ഇത് സപ്ലൈകോയുടെ മാർക്കറ്റിടപെടൽ പ്രവർത്തനങ്ങൾ ഉൾപ്പെടെയുള്ള പ്രതിദിന പ്രവർത്തനങ്ങളെ ബാധിക്കുന്ന രീതിയിൽ വളരുകയും ചെയ്യുന്നതുകൊണ്ടാണ് സർക്കാർ, സബ്സിഡി സാധനങ്ങളുടെ വില്പനവില പുനർനിർണ്ണയിച്ചത്.

ഇതിനാൽ സാധനങ്ങളുടെ ലഭ്യത ഉറപ്പ് വരുത്തുവാൻ സപ്ലൈകോയ്ക്ക് കഴിഞ്ഞിട്ടുണ്ട്.

Beena

സെക്ഷൻ ഓഫീസർ

## അനുബന്ധം - 1

| ക്രമ നമ്പർ | ഇനം | 2009 ജനുവരി മാസത്തെ സബ്സിഡി വില്പന വില കി. ഗ്രാമിന് | 2011 മാർച്ച് മാസത്തെ സബ്സിഡി വില്പന വില കി. ഗ്രാമിന് | നിലവിലെ സബ്സിഡി വില്പന വില കി. ഗ്രാമിന് |
|---|---|---|---|---|
| 1 | ചെറുപയർ | 28.00 | – | 74.00 |
| 2 | ഉഴുന്ന് ബോൾ | 36.00 | 36.00 | 66.00 |
| 3 | വൻകടല | 27.00 | – | 43.00 |
| 4 | വൻപയർ | 26.50 | 26.50 | 45.00 |
| 5 | തുവരപരിപ്പ് | 34.00 | 34.00 | 65.00 |
| 6 | മുളക് | 45.00 | 45.00 | 75.00 |
| 7 | മല്ലി | 69.00 | 57.00 | 100.00 |
| 8 | പഞ്ചസാര | 19.00 | 25.00 | 22.00 |
| 9 | പച്ചരി | – | 16.00 | 23.00 |
| 10 | കുറുവ അരി | – | – | 25.00 |
| 11 | മട്ട അരി | – | 16.00 | 24.00 |
| 12 | ജയ അരി | – | – | 25.00 |
| 13 | വെളിച്ചെണ്ണ | – | – | 110 |

Beena
സെക്ഷൻ ഓഫീസർ

<u>അനുബന്ധം - 2</u>

| ക്രമ നമ്പർ | ഇനം | ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ ഉണ്ടായിരുന്ന സബ്സിഡി വില കി. ഗ്രാമിന് | 6.7.12 ലെ ഉത്തരവു പ്രകാരം പുതുക്കിയ സബ്സിഡി വില കി. ഗ്രാമിന് | 1.8.13 മുതൽ പുതുക്കിയ സബ്സിഡി വില കി. ഗ്രാമിന് | 24.8.14 മുതൽ പുതുക്കിയ സബ്സിഡി വില കി. ഗ്രാമിന് | 6.11.14 മുതൽ പുതുക്കിയ സബ്സിഡി വില കി. ഗ്രാമിന് |
|---|---|---|---|---|---|---|
| 1 | ചെറുപയർ | – | 49.00 | 55.00 | 55.00 | 77.00 |
| 2 | ഉഴുന്ന് ബോൾ | 36.00 | 36.00 | 42.00 | 42.00 | 76.00 |
| 3 | വൻകടല | – | 44.00 | 45.00 | 45.00 | 45.00 |
| 4 | വൻപയർ | 26.50 | 26.50 | 35.00 | 35.00 | 49.00 |
| 5 | തുവരപരിപ്പ് | 34.00 | 34.00 | 45.00 | 45.00 | 67.00 |
| 6 | മുളക് | 45.00 | 45.00 | 55.00 | 75.00 | 75.00 |
| 7 | മല്ലി | 66.00 | 45.90 | 60.00 | 60.00 | 112.00 |
| 8 | പഞ്ചസാര | 25.00 | 25.00 | 26.00 | 26.00 | 27.50 |
| 9 | പച്ചരി | 16.00 | 16.00 | 21.00 | 23.00 | 23.00 |
| 10 | കുറുവ അരി | – | 19.00 | 21.00 | 25.00 | 25.00 |
| 11 | മട്ട അരി | 16.00 | 16.00 | 21.00 | 25.00 | 25.00 |
| 12 | ജയ അരി | – | 21.00 | 21.00 | 25.00 | 25.00 |
| 13 | വെളിച്ചെണ്ണ | – | 62.00 | 62.00 | 125.00 | 151.00 |

Beena

സെക്രട്ടറിയർ